കേരള കാർഷിക സർവ്വകലാശാല
കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രം
സദാനന്ദപുരം പി. ഒ, കൊട്ടാരക്കര

# ക്വട്ടേഷൻ നോട്ടീസ്

നമ്പർ എഫ്.എസ്.(4)663/22 തീയതി : 22/03/2022

കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രം, സദാനന്ദപുരത്തെ വില്പനകേന്ദ്രത്തിലേക്ക് വിവിധ ജോലികളിൽ ഏർപ്പെടുന്നതിനായി ദിവസവേതനാടിസ്ഥാനത്തിൽ തൊഴിലാളിയെ ആവശ്യമുണ്ട്. താല്പര്യമുള്ള വ്യക്തികളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ മത്സരസ്വഭാവമുള്ള മുദ്രവെച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

## ജോലിയുടെ സ്വഭാവം

വിത്തുകൾ, തൈകൾ, ബയോകൺട്രോൾ ഏജന്റ്സ് തുടങ്ങിയവയുടെ നിറയ്ക്കൽ, നടീൽ വസ്തുക്കളുടെ ക്രമീകരണം, യഥാസമയം വളപ്രയോഗം, ജലസേചനം, കളപറിക്കൽ തുടങ്ങിയവ. വില്പനകേന്ദ്രത്തിലെ മറ്റു അനുബന്ധ ജോലികൾ.

## നിബന്ധനകൾ

1. ക്വട്ടേഷൻ ''പ്രൊഫസർ & ഹെഡ്, കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രം, സദാനന്ദപുരം.പി.ഒ, കൊട്ടാരക്കര'' എന്ന മേൽവിലാസത്തിൽ അയയ്ക്കേണ്ടതാണ്.
2. ഈ ക്വട്ടേഷനിലേയ്ക്കുള്ള പ്രായപരിധി 18 വയസ്സിനും 50 വയസ്സിനും ഇടയിലായിരിക്കും.
3. വി.എച്ച്.എസ്.സി (അഗ്രിക്കൾച്ചർ)/ ഡിപ്ലോമ ഇൻ അഗ്രിക്കൾച്ചർ വിദ്യാഭ്യാസ യോഗ്യത ഉണ്ടായിരിക്കണം.
4. കേരള കാർഷിക സർവ്വകലാശാല/ഐ.സി.എ.ആർ സ്ഥാപനങ്ങൾ നടത്തുന്ന 3 മാസത്തിൽ കുറയാതെയുള്ള പരിശീലനപരിപാടികളിൽ പങ്കെടുത്തിരിക്കണം.
5. കമ്പ്യൂട്ടർ ഡേറ്റ എൻട്രിയിൽ കുറഞ്ഞത് 2 വർഷത്തെ പ്രവൃത്തി പരിചയം ഉണ്ടായിരിക്കണം.
6. ജോലി സമയം രാവിലെ 9 മണി മുതൽ വൈകിട്ട് 5 മണി വരെയായിരിക്കും.
7. മേൽപ്പറഞ്ഞ ജോലിക്ക് ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിരിക്കുന്ന വ്യക്തി / സ്ഥാപനത്തിന്റെ ക്വട്ടേഷൻ തൃപ്തികരമെന്ന് തോന്നിയാൽ മാത്രം സ്വീകരിക്കുന്നതും ക്വട്ടേഷൻ ഉറപ്പിച്ചു നല്കുന്നതുമായിരിക്കും.
8. ക്വട്ടേഷൻ കരാർ യാതൊരു മുന്നറിയിപ്പും കൂടാതെ അവസാനിപ്പിക്കാനുള്ള അധികാരം സ്റ്റേഷൻ മേധാവിയിൽ നിക്ഷിപ്തമായിരിക്കും.
9. ഇപ്രകാരം ജോലി ഏറ്റെടുക്കുന്ന തൊഴിലാളിക്ക് ജോലിയുടെ വേതനം കൈപ്പറ്റുവാൻ മാത്രമേ അവകാശം ഉണ്ടായിരിക്കുകയുള്ളൂ. സർവ്വകലാശാലയുടെ നിയമനങ്ങളിൽ യാതൊരുവിധ പരിഗണനയ്ക്കോ മുൻഗണനയ്ക്കോ ആനുകൂല്യങ്ങൾക്കോ അർഹത ഉണ്ടായിരിക്കുന്നതല്ല.
10. സർക്കാർ ക്വട്ടേഷനുകൾക്ക് ബാധകമായ എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമായിരിക്കും.
11. ക്വട്ടേഷൻ ലഭിയ്ക്കുന്നയാൾ 1000/- രൂപ കരുതൽ നിക്ഷേപമായി ഈ ഓഫീസിൽ അടയ്ക്കേണ്ടതാണ്. കരാർ കാലാവധി യഥാവിധി പൂർത്തിയാക്കിയാൽ പ്രസ്തുത സംഖ്യ പലിശരഹിതമായി തിരികെ നൽകുന്നതാണ്.

മേൽപ്പറഞ്ഞ ജോലികൾക്ക് ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തി കവറിൽ ഉള്ളടക്കം ചെയ്ത് സ്റ്റേഷൻ മേധാവിയുടെ പേർക്ക് **31/03/2022 തീയതി പകൽ 2.30 ന്** മുൻപായി ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്. കവറിന് മുകളിൽ **"വില്പനകേന്ദ്രത്തിലേക്ക് തൊഴിലാളിയെ നല്കുന്നതിനുള്ള ക്വട്ടേഷൻ"** എന്ന് രേഖപ്പെടുത്തിയിരിക്കണം. ക്വട്ടേഷനുകൾ അന്നേ ദിവസം പകൽ **3.00** മണിക്ക് തദവസരത്തിൽ സന്നിഹിതരായിട്ടുള്ള ക്വട്ടേഷണർമാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ വ്യക്തിയുടെ പേർക്ക് ക്വട്ടേഷൻ ഉറപ്പിക്കുന്നതുമായിരിക്കും

ഒപ്പ്
പ്രൊഫസ്സർ ആന്റ് ഹെഡ്ഡ്

പകർപ്പ് : നോട്ടിസ് ബോർഡ് (2)/ ഫാം മാനേജർ/വെട്ടിക്കവല ഗ്രാമപഞ്ചായത്ത് / വെട്ടിക്കവല വില്ലേജ് /കൊട്ടാരക്കര മുനിസിപ്പാലിറ്റി / ഫയൽ.

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

FARMING SYSTEMS RESEARCH STATION KERALA AGRICULTURAL UNIVERSITY • SADANANDAPURAM KOTTARAKARA-691531